**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1628** **11-10-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് വികസന ഏകോപന കൗൺസിലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് വികസന ഏകോപന കൗൺസിലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനത്തിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | **കുട്ടനാടിന്റെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ നടപ്പാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി 01.11.2022 തീയതിയിലെ സ.ഉ (എം.എസ്) നം. 94/2022/കൃഷി പ്രകാരം കുട്ടനാട് ഏകോപന വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൗൺസിലിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.** |
| (ബി) | കുട്ടനാട് വികസന ഏകോപന കൗൺസിൽ മുഖാന്തിരം എന്തെല്ലാം പുതിയ പദ്ധതികളും, ആസൂത്രണ പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ; | (ബി) | രണ്ടാം കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് സംസ്ഥാന പ്ലാനിംഗ് ബോർഡ് 2447.66 കോടി രൂപയുടെ സമഗ്രമായ ഒരു പ്ലാൻ സർക്കാരിന് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2400 കോടി രൂപയുടെ രണ്ടാം കുട്ടനാട് വികസന പാക്കേജ് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ കാർഷിക മേഖലയിൽ താഴെപ്പറയുന്ന പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>(1) കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി പരിവർത്തനപ്പെടുത്തൽ<br><br>(2) രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പരിപാടി നവീകരിച്ച് ഗുണമേന്മയുള്ള വിത്ത് ലഭ്യത ഉറപ്പു വരുത്തൽ<br><br>(3) വിത്ത് സംസ്കരണത്തിനും സംഭരണ-ത്തിനുമായി അടിസ്ഥാന സൗകര്യ-മൊരുക്കൽ<br><br>(4) വിത്ത് ഗുണ നിലവാരം പരിശോ-ധിക്കാൻ ലബോറട്ടറി സ്ഥാപിക്കൽ<br><br>(5) പ്രധാന വിളകളുടെ ജനിതക ദ്രവ്യ പരിപാലനത്തിനായി നടപടികളെടുക്കൽ |

(6) വിപണി ഉറപ്പാക്കിക്കൊണ്ട് 'ഞവര' ഇനം നെൽകൃഷി പുനരുജ്ജീവിപ്പിക്കൽ

(7) കുട്ടനാടിനായി ക്രോപ് കലണ്ടർ തയ്യാറാക്കി നടപ്പിൽ വരുത്തൽ

(8) നിലവിലുള്ള പെട്ടിയും പറയും മാറ്റി പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്ന-തിനായി വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുകൾ സ്ഥാപിക്കുക

(9) മണ്ണ് പരിശോധനയിലൂടെ മണ്ണിന്റെ ആരോഗ്യം സംബന്ധിക്കുന്ന ഡാറ്റ ബാങ്ക് തയ്യാറാക്കി വളപ്രയോഗം ക്രമീകരിക്കുക

(10) യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്ന-തിനായി കസ്റ്റം ഹയറിങ് സെന്ററുകൾ (Custom Hiring Centre) സ്ഥാപിക്കുക

(11) നെല്ല്-താറാവ്-മത്സ്യ കൃഷി എന്നിവ-യടങ്ങിയ സംയോജിത കൃഷി ആവിഷ്കരിക്കുക

(12) നാളികേര കൃഷി ലാഭകരമാക്കു-ന്നതിനായി സംയോജിത കൃഷി രീതികളും ഇടവിള കൃഷിയും പ്രോത്സാഹിപ്പിക്കൽ

(13) അപ്പർ കുട്ടനാട്ടിൽ കരിമ്പ് കൃഷിയിൽ സംയോജിത കൃഷി രീതി സ്വീകരിക്കുക

(14) കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ പരിസ്ഥിതി നിരീക്ഷണം ശക്തിപ്പെടുത്തുക

(15) ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുക

(16) കൂട്ടുമുണ്ടകനും പൊക്കാളി നെൽ കൃഷിയും ശക്തിപ്പെടുത്തുക

കൂടാതെ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ കർഷകരുടെ ക്ഷേമം, കാർഷിക വികസനം, കാർഷിക ഉല്പന്നങ്ങളുടെ വൈവിധ്യ-വൽക്കരണം, താറാവ് കർഷകരുടെ ഉന്നമനം അനുബന്ധ മേഖലകളുടെ ഉല്പാദന വർദ്ധനവ്, ഉൾനാടൻ മത്സ്യകൃഷി പരിപോഷണം തുടങ്ങിയവയ്ക്കായി 55 ശുപാർശകൾ ഉൾകൊള്ളിച്ച REBUILDING KUTTANAD (Sustainable Agriculture Development and Eco-Restoration) എന്ന, 2053.00 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതി കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം, ആലപ്പുഴ സമർപ്പിച്ചിട്ടുണ്ട്. ഈ

| | | | |
|---|---|---|---|
| | | | പദ്ധതികൾ സംയോജിപ്പിച്ച് നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. |
| (സി) | കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ കർഷകരുടെ ക്ഷേമം, കാർഷിക വികസനം, കാർഷിക ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, താറാവ് കർഷകരുടെ ഉന്നമനം , കൃഷി അനുബന്ധ മേഖലകളുടെ ഉല്പാദന വർദ്ധനവ്, ഉൾനാടൻ മത്സ്യകൃഷി പരിപോഷണം തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള പുതിയ പദ്ധതികളോ പ്രവർത്തനങ്ങളോ കുട്ടനാട് വികസന ഏകോപന കൗൺസിൽ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | രണ്ടാം കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് സംസ്ഥാന പ്ലാനിംഗ് ബോർഡ് 2447.66 കോടി രൂപയുടെ സമഗ്രമായ ഒരു പ്ലാൻ സർക്കാരിന് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2400 കോടി രൂപയുടെ രണ്ടാം കുട്ടനാട് വികസന പാക്കേജ് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ കാർഷിക മേഖലയിൽ താഴെപ്പറയുന്ന പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>(1) കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി പരിവർത്തനപ്പെടുത്തൽ<br><br>(2) രജിസ്റ്റേർഡ് സീഡ് ഗ്രോവെർസ് പരിപാടി നവീകരിച്ച് ഗുണമേന്മയുള്ള വിത്ത് ലഭ്യത ഉറപ്പു വരുത്തൽ<br><br>(3) വിത്ത് സംസ്കരണത്തിനും സംഭരണ-ത്തിനുമായി അടിസ്ഥാന സൗകര്യ-മൊരുക്കൽ<br><br>(4) വിത്ത് ഗുണ നിലവാരം പരിശോ-ധിക്കാൻ ലബോറട്ടറി സ്ഥാപിക്കൽ<br><br>(5) പ്രധാന വിളകളുടെ ജനിതക ദ്രവ്യ പരിപാലനത്തിനായി നടപടികളെടുക്കൽ<br><br>(6) വിപണി ഉറപ്പാക്കിക്കൊണ്ട് 'ഞവര' ഇനം നെൽകൃഷി പുനരുജ്ജീവിപ്പിക്കൽ<br><br>(7) കുട്ടനാടിനായി ക്രോപ് കലണ്ടർ തയ്യാറാക്കി നടപ്പിൽ വരുത്തൽ<br><br>(8) നിലവിലുള്ള പെട്ടിയും പറയും മാറ്റി പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്ന-തിനായി വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുകൾ സ്ഥാപിക്കുക<br><br>(9) മണ്ണ് പരിശോധനയിലൂടെ മണ്ണിന്റെ ആരോഗ്യം സംബന്ധിക്കുന്ന ഡാറ്റ ബാങ്ക് തയ്യാറാക്കി വളപ്രയോഗം ക്രമീകരിക്കുക<br><br>(10) യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്ന-തിനായി കസ്റ്റം ഹയറിങ് സെന്ററുകൾ (Custom Hiring Centre) സ്ഥാപിക്കുക<br><br>(11) നെല്ല്-താറാവ്-മത്സ്യ കൃഷി എന്നിവ-യടങ്ങിയ സംയോജിത കൃഷി ആവിഷ്കരിക്കുക |

| | | | |
|---|---|---|---|
| | | | (12) നാളികേര കൃഷി ലാഭകരമാക്കു-ന്നതിനായി സംയോജിത കൃഷി രീതികളും ഇടവിള കൃഷിയും പ്രോത്സാഹിപ്പിക്കൽ<br><br>(13) അപ്പർ കുട്ടനാട്ടിൽ കരിമ്പ് കൃഷിയിൽ സംയോജിത കൃഷി രീതി സ്വീകരിക്കുക<br><br>(14) കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ പരിസ്ഥിതി നിരീക്ഷണം ശക്തിപ്പെടുത്തുക<br><br>(15) ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുക<br><br>(16) കൂട്ടുമുണ്ടകനും പൊക്കാളി നെൽ കൃഷിയും ശക്തിപ്പെടുത്തുക<br><br>കൂടാതെ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ കർഷകരുടെ ക്ഷേമം, കാർഷിക വികസനം, കാർഷിക ഉല്പന്നങ്ങളുടെ വൈവിധ്യ-വൽക്കരണം, താറാവ് കർഷകരുടെ ഉന്നമനം അനുബന്ധ മേഖലകളുടെ ഉല്പാദന വർദ്ധനവ്, ഉൾനാടൻ മത്സ്യകൃഷി പരിപോഷണം തുടങ്ങിയവയ്ക്കായി 55 ശുപാർശകൾ ഉൾകൊള്ളിച്ച REBUILDING KUTTANAD (Sustainable Agriculture Development and Eco-Restoration) എന്ന, 2053.00 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതി കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം, ആലപ്പുഴ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾ സംയോജിപ്പിച്ച് നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ